(ബി) സെൻഗുപ്ത കമ്മിറ്റിയുടെ ശുപാർശകൾ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തു. അതിൻപ്രകാരം ബോർഡ് കമ്പനിയ്ക്ക് 1998 ജൂലായ് മാസം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 13.7.'99 നകം സമിതിയുടെ 28 ശുപാർശകളും പൂർണ്ണമായി നടപ്പിലാക്കണമെന്നാണ് ബോർഡിന്റെ നിർദ്ദേശം.

(സി) ശുപാർശകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചാലിയാർ പുഴയുടെ മലിനീകരണം

181 (3110)ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കൂടി ഒഴുകുന്ന ചാലിയാർ പുഴയിൽ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറത്തു വിടുന്ന മാലിന്യങ്ങൾ കലർന്നിട്ടില്ലെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ബി) വിഷലിപ്തമായ ഈ ജലത്തിന്റെ പ്രധാന ഉറവിടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) മാവൂരിലെ ഗ്വാളിയർ റയോൺസിൽ നിന്നും ഒഴുക്കി വിടുന്ന മാലിന്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ചാലിയാർ പുഴയുടെ തീരത്ത് സ്ഥാപിച്ചിട്ടുള്ള 23-ഓളം വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള പാഴ്ജലം നേരിട്ടോ അല്ലാതെയോ പുഴയിലെത്തുന്നുണ്ട്. മിക്കവാറും എല്ലാ വ്യവസായ ശാലകളിലും മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാഴ്ജലം പുറന്തള്ളുന്നതിന് ജലനിയമപ്രകാരം ബോർഡ് വ്യവസായശാലകൾക്ക് അനുമതിപത്രം നൽകുകയും അനുമതിപത്രത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും സംസ്ക്കരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാരവും ഇടയ്ക്കിടെ ബോർഡുദ്യോഗസ്ഥർ പരിശോധിക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിന് വ്യവസായ ശാലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) വ്യവസായ പാഴ്ജല നിർമ്മാർജ്ജനത്തിന്റെ ഉറവിടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടിയ അളവിൽ പാഴ്ജലം ചാലിയാറിൽ നിർഗ്ഗമിപ്പിക്കുന്നത് മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസിൽ നിന്നാണ്.

(സി) ഉണ്ട്.

(ഡി) 1999 ഏപ്രിൽ 30-നും, മേയ് 4-നും ഗ്രാസിം ഇൻഡസ്ട്രീസിൽ നിന്നൊഴുകുന്ന പാഴ്ജലത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിന്റെ

† അനുബന്ധം - XVIII

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.† നിറമൊഴിച്ച് മറ്റെല്ലാ ഘടകങ്ങളും പരിധിക്കുള്ളിലായിരുന്നുവെന്ന് പരിശോധനാഫലം കാണിക്കുന്നു.

പഞ്ചകർമ്മ ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ

182 (3111)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജിന്റെ കീഴിലുള്ള പൂജപ്പുരയിലെ പഞ്ചകർമ്മാശുപത്രിയുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പേ വാർഡ് റൂമുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പരിപാടിയുണ്ടോ;

(ബി) ആയുർവേദ കോളേജുകളിൽ ഡിപ്പാർട്ടുമെന്റ് സിസ്റ്റം നിലവിൽ വന്ന സ്ഥിതിക്ക് പഞ്ചകർമ്മ ചികിത്സയിൽ യോഗ്യതയുള്ള ചികിത്സകരാണോ ഇപ്പോൾ പ്രസ്തുത ആശുപത്രിയിൽ ചികിത്സ നടത്തുന്നത്;

(സി) പഞ്ചകർമ്മാശുപത്രിയിലെ പ്രൊഫസർ ഇൻചാർജും മറ്റ് ഡോക്ടർമാരും വിഷവിഭാഗങ്ങളിലെ (അഗദതന്ത്രവിഭാഗം) ഡോക്ടർമാരാണോ; ഇവർക്ക് പഞ്ചകർമ്മ ചികിത്സ നടത്താനുള്ള യോഗ്യതയും പരിശീലനവും എന്താണെന്ന് വ്യക്തമാക്കുമോ? ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) കായ ചികിത്സ പഞ്ചകർമ്മമാണ്, പഞ്ചകർമ്മാശുപത്രിയിലെ ചികിത്സയുടെ യോഗ്യത എന്നിരിക്കെ പ്രൊഫസർ ഇൻ-ചാർജ് തസ്തികയിലേക്ക് യോഗ്യതയുള്ളവരെ നിയമിക്കുന്നതിനുവേണ്ടി ആരുടെയെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്;

(ഇ) പ്രസ്തുത ആശുപത്രിയുടെ പ്രാധാന്യവും ചികിത്സാ സാദ്ധ്യതകളും കണക്കിലെടുത്ത് പ്രസ്തുത തസ്തിക അവിടെ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പഞ്ചകർമ്മ ആശുപത്രിയിലെ ചികിത്സകൾക്ക് യോഗ്യരായവരെമാത്രം നിയമിച്ച് ചികിത്സയ്ക്ക് അതിന്റേതായ തനിമയും ഗുണവും നിലനിർത്തുന്നതിന് എത്രയുംവേഗം നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പഞ്ചകർമ്മ ആശുപത്രിയിലെ പ്രൊഫസർ-ഇൻ-ചാർജ് വിഷവിഭാഗത്തിന്റെ പ്രൊഫസറാണ് പഞ്ചകർമ്മാശുപത്രിയിൽ ഗവൺമെന്റ് ആയുർവേദ കോളേജിലെ ക്ലിനിക്കൽ വിഭാഗത്തിലുള്ള എല്ലാ അദ്ധ്യാപകർക്കും രോഗികളെ കിടത്തി ചികിത്സിക്കാൻ സ്വാതന്ത്ര്യമുണ്ട്. അവരുടെ രോഗികൾക്ക് പ്രസ്തുത ഡോക്ടർമാർ നിർദ്ദേശിക്കുന്ന ചികിത്സകൾ ഇവിടെ ചെയ്തു വരുന്നു. ഇതിനായി ട്രെയിനിംഗ് ലഭിച്ചിട്ടുള്ള പഞ്ചകർമ്മ അസിസ്റ്റന്റുമാരും മാസ്സിയർമാരും ഉണ്ട്. ബി.എ.എം.എസ്. സിലബസ്സിൽ പഞ്ചകർമ്മാ ചികിത്സാ കൃത്യമായി പഠിപ്പിക്കുന്നുണ്ട് എന്നതിനാൽ എല്ലാ

† അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XIX

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 181(3110)-ന്റെ 'ഡി' ഉത്തരം ദയവായി കാണുക)

ക്രമ നമ്പർ	ഘടകം	അളവ്		പരമാവധി പരിധി
		30.4.99	4.5.99	
1.	പി.എച്ച്.	7.74	7.24	7-8.5
2.	സസ്പെൻഡഡ് സോളിഡ്സ്	14 mg/l	12 mg/l	50 mg/l
3.	ബി.ഒ.ഡി.	12.6 "	9.12 "	30 "
4.	സി.ഒ.ഡി.	136 "	144 "	350 "
5.	സൾഫൈഡ്	0.13 "	0.13 "	2 "
6.	മെർക്കുറി	ഇല്ല	ഇല്ല	0.01 "
7.	നിറം	300 എ.പി.സി.	250 എ.പി.സി.	X +100 എ.പി.സി. (X - ഉപയോഗിക്കുന്ന വെള്ളത്തിന്റെ നിറം - ഏകദേശം 40 എ.പി.സി.)
8.	ലെഡ്	ഇല്ല	ഇല്ല	0.1 mg/l
9.	അമോണിയാക്കൽ നൈട്രജൻ	6.0 mg/l	5.0 mg/l	50 mg/l
10	റെസിഡുവൽ ക്ലോറിൻ	ഇല്ല	ഇല്ല	1 "
11.	ഫീനോളിക് കോമ്പൗണ്ട്സ്	ഇല്ല	ഇല്ല	1 "
12.	ഓയിൽ & ഗ്രീസ്	ഇല്ല	ഇല്ല	10 "
13.	സിങ്ക്	0.1 mg/l	0.1 mg/l	1 "
14.	ഹെക്സാവാലന്റ് ക്രോമിയം	ഇല്ല	ഇല്ല	0.1 "

LIBRARY ARCHIVES Kerala Legislative Assembly